2024
APRIL
03
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## സംസ്ഥാനത്ത് താപനില ഉയരും; 11 ജില്ലകളിൽ യെലോ അലർട്ട്, ജാഗ്രതാ നിർദേശം

**തിരുവനന്തപുരം:** വേനൽ കൂടുതൽ കടുത്ത സാഹചര്യത്തിൽ ഇന്നു മുതൽ ഏപ്രിൽ 6 വരെ വിവിധ ജില്ലകളിൽ സാധാരണയെക്കാൾ 2 മുൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്. താപനില ഉയരുന്ന 11 ജില്ലകളിൽ യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കൊല്ലം, പാലക്കാട് ജില്ലകളിൽ 39 ഡിഗ്രി സെൽഷ്യസ് വരെയും, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 37 ഡിഗ്രി വരെയും, ആലപ്പുഴ, എറണാകുളം, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരും.



ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്. നേരിട്ടു സൂര്യപ്രകാശം ഏൽക്കുന്നതു പരമാവധി ഒഴിവാക്കണമെന്നു ദുരന്ത നിവാരണ അതോറിറ്റിയും ആരോഗ്യ വകുപ്പും മുന്നറിയിപ്പ് നൽകി. പരമാവധി ശുദ്ധജലം കുടിക്കണം. നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കണം. അയഞ്ഞ ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കണം. പുറത്തിറങ്ങുമ്പോൾ പാദരക്ഷകളും കുടയും തൊപ്പിയും ഉപയോഗിക്കുന്നതു ചൂടിനെ പ്രതിരോധിക്കും.

## അരുണാചൽ അവിഭാജ്യ ഘടകം പുതിയ പേരിടാനുള്ള ചൈനയുടെ നീക്കം യുക്തിരഹിതം: ഇന്ത്യ

**ന്യൂഡൽഹി :** അരുണാചൽ പ്രദേശിലെ സ്ഥലങ്ങൾക്ക് പുതിയ പേരു നൽകാനുള്ള ചൈനയുടെ നീക്കത്തെ രൂക്ഷമായി വിമർശിച്ച് വിദേശകാര്യ മന്ത്രാലയം. ചൈന 'കണ്ടെത്തിയ പേരുകൾ', അരുണാചൽ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന യാഥാർഥ്യത്തെ മാറ്റാൻ കഴിയുന്നതല്ലെന്ന് മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. അരുണാചലിലെ 30 സ്ഥലങ്ങൾക്ക് പുതിയ പേരു നൽകിക്കൊണ്ട് ചൈന പുറത്തുവിട്ട പട്ടികയുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടിയായാണ് കേന്ദ്രം പ്രസ്താവനയിറക്കിയത്.

"ഇന്ത്യൻ സംസ്ഥാനമായ അരുണാചലിലെ സ്ഥലങ്ങളുടെ പേരു മാറ്റാനുള്ള യുക്തിരഹിതമായ ശ്രമങ്ങളുമായി ചൈന മുന്നോട്ടുവരികയാണ്. ഇത്തരം ശ്രമങ്ങളെ ഞങ്ങൾ ശക്തമായി നിരാകരിക്കുകയാണ്. ചൈന, അവർ കണ്ടെത്തിയ പേരുകൾ നൽകുന്നതിലൂടെ അരുണാചൽ എപ്പോഴും ഇന്ത്യയുടെ അവിഭാജ്യ ഘടകമാണെന്ന യാഥാർഥ്യം മാറ്റാൻ കഴിയുന്നതല്ല" വിദേശകാര്യ വക്താവ് രൺധിർ ജയ്സ്വാൾ പറഞ്ഞു. കഴിഞ്ഞ ദിവസം വിദേശകാര്യ മന്ത്രി എസ്.ജയശങ്കറും ചൈനയുടെ നടപടി വിമർശിച്ച് രംഗത്തു വന്നിരുന്നു.



## കോഴിക്കോട് വയനാട് തുരങ്കപാത: ടെൻഡറുകൾ 5ന് തുറക്കും

**കോഴിക്കോട്:** ചുരം കടക്കാനുള്ള കോഴിക്കോട് വയനാട് തുരങ്കപാത നിർമാണത്തിനുള്ള ടെൻഡറുകൾ 5ന് തുറക്കും. പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ച് ഇരുപത്തിയഞ്ചോളം വൻകിട നിർമാണ കമ്പനികൾ പ്രദേശം പരിശോധിച്ചിട്ടുണ്ട്. ഇതിൽ എത്ര പേർ ടെൻഡർ നൽകി എന്നും 5ന് അറിയാം. ട്രഷറി നിയന്ത്രണങ്ങളിൽ തട്ടി നഷ്ടപരിഹാരം വൈകിയ പ്രശ്നങ്ങൾ പരിഹരിക്കുകയും 4 കേസുകളിൽ രണ്ട് എണ്ണം പരിഹാരത്തിന്റെ വക്കിലെത്തിയതും പദ്ധതിക്ക് ആശാവഹമായ പുരോഗതിയാണ് നൽകുന്നതെന്ന് കൊങ്കൺ റെയിൽവെ അധികൃതർ വ്യക്തമാക്കി.



1643.33 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന തുരങ്കപാത നിർമാണത്തിനായി രണ്ടു പാക്കേജുകളായുള്ള ടെൻഡറുകളാണ് ക്ഷണിച്ചിരിക്കുന്നത്. സമീപ റോഡും രണ്ടു പാലങ്ങളും ഉൾപ്പെടുന്ന ഒരു പാക്കേജും ഇരട്ട തുരങ്കപാത മാത്രമായി മറ്റൊന്നും. ഒരേ കമ്പനിക്കു തന്നെ രണ്ടു ടെൻഡറുകളും ലഭിച്ചാൽ നിർമാണച്ചെലവ് ഏറെ കുറയാനും സാധ്യതയുണ്ട്.

കോഴിക്കോട് ജില്ലയിൽ 45 സർവേ നമ്പറുകളിൽ ഉള്ള ഭൂമി ഏറ്റെടുക്കാൻ 40 കോടിയും വയനാട്ടിൽ 15 കോടിയുമാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. കോഴിക്കോട്ടെ 14 പേർക്കുള്ള തുക അക്കൗണ്ടിലേക്ക് നിക്ഷേപിച്ചു കഴിഞ്ഞു.

ശേഷിച്ച നപടികൾ തിരഞ്ഞെടുപ്പു തിരക്കുകൾക്കു ശേഷം പൂർത്തിയാക്കും.

കോഴിക്കോട്ടെ നാല് ഭൂവുടമകൾ ഇതിനിടെ കോടതിയെ സമീപിച്ചിരുന്നു. ഇവരുടെ അവകാശത്തിലുള്ള ഭൂമി പൂർണമായും ഏറ്റെടുക്കണമെന്നാണ് ആവശ്യം.

ഇതിൽ രണ്ടു പേർ നഷ്ടപരിഹാരം സ്വീകരിക്കാൻ സമ്മതം അറിയിച്ചതായി കൊങ്കൺ റെയിൽവേ അധികൃതർ അറിയിച്ചു. മറ്റുള്ളവരുമായും ചർച്ചകൾ തുടരും.

ഈ കേസിന്റെ നില എന്തായാലും പദ്ധതി തുടങ്ങുന്നതിന് തടസ്സമില്ലെന്ന് അധികൃതർ വ്യക്തമാക്കി.





ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'രണഭൂമി ' വാർഷിക മെഗാ കായിക മേളയിൽ ചാംപ്യൻഷിപ്പ് നേടിയ കൊച്ചിൻ ഒപ്താൽമിക് ക്ലബ്ബിന് കൊച്ചിൻ റീജ്യണൽ സ്പോർടസ് സെന്റർ സെക്രട്ടറി എസ്.എ.എസ് നവാസ് ട്രോഫി സമ്മാനിക്കുന്നു.

# ഐഎംഎ കൊച്ചി കായിക മേള: കൊച്ചിൻ ഒപ്താൽമിക് ക്ലബ്ബ് ചാംപ്യന്മാർ

**കൊച്ചി:** ഐഎംഎ കൊച്ചിയുടെ നേതൃത്വത്തിൽ ഡോക്ടർമാർക്കും ആരോഗ്യപ്രവർത്തകർക്കുമായി സംഘടിപ്പിച്ച 'രണഭൂമി ' വാർഷിക മെഗാ കായിക മേളയിൽ കൊച്ചിൻ ഒപ്താൽമിക് ക്ലബ്ബിന് ചാംപ്യൻ പട്ടം. കൊച്ചിൻ ഓർത്തോപെഡിക്ക് സൊസൈറ്റി രണ്ടാം സ്ഥാനവും കെജിഎംഒഎ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ക്രിക്കറ്റ്,ഫുട്ബോൾ, ബാസ്ക്കറ്റ് ബോൾ, ടേബിൾ ടെന്നീസ്, നീന്തൽ, കാരംസ്, സുഡോക്കു, പഞ്ചഗുസ്തി ഉൾപ്പെടെയുള്ള വിവിധ ഗെയിംസിലും ഓട്ടം, നടത്തം,റിലേ ഉൾപ്പെടെയുള്ള വിവിധ കായിക മൽസരങ്ങളിലും ഐഎംഎ കൊച്ചിയിൽ അംഗങ്ങളായിട്ടുള്ള 200 ഓളം പുരുഷ,വനിതാ ഡോക്ടർമാർ പങ്കെടുത്തു.

സ്പോർടസ് കമ്മിറ്റി ചെയർമാൻ ഡോ.വിനോദ് പത്മനാഭന്റെ നേതൃത്വത്തിൽ നടന്ന കായിക മേള ഐഎംഎ കൊച്ചി പ്രസിഡന്റ് ഡോ.എം. എം ഹനീഷ്, സെക്രട്ടറി ഡോ.ജോർജ്ജ് തുകലൻ, ട്രഷറർ ഡോ.സച്ചിൻ സുരേഷ് എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. കലൂർ ഐഎംഎ ഹൗസിൽ നടന്ന സമാപന സമ്മേളനത്തിൽ ഹൈബി ഈഡൻ എം.പി, കൊച്ചിൻ റീജ്യണൽ സ്പോർടസ് സെന്റർ സെക്രട്ടറി എസ്.എ.എസ് നവാസ് എന്നിവർ ചേർന്ന് വിജയികൾക്കുള്ള ട്രോഫികളും മെഡലുകളും വിതരണം ചെയ്തു. മുൻ പ്രസിഡന്റ് ഡോ. എസ് ശ്രീനിവാസ കമ്മത്ത്,സ്പോർടസ് കമ്മിറ്റിയംഗങ്ങളായ ഡോ. ആൽവിൻ ആന്റണി,ഡോ.അജാസ് തുടങ്ങിയവർ സംസാരിച്ചു.

# പ്രതീക്ഷകളുടെ കൈമുദ്രകൾ: നിറങ്ങളൊഴുകി പ്രയത്നയുടെ ഓട്ടിസം ബോധവത്ക്കരണ പരിപാടി

**കൊച്ചി:** വേദി കൊച്ചിയിലെ ഫോറം മാൾ. മുന്നിൽ തൂവെള്ള നിറത്തിൽ ഒരു വലിയ കാൻവാസ്. മുന്നിൽ ചായക്കൂട്ടുകൾ നിരത്തിവെച്ചിരിക്കുന്നു. കണ്ടുനിന്നവർ ആദ്യം അമ്പരന്നു. പിന്നെ ഓരോരുത്തരായി അവരുടെ കൈകൾ നിറങ്ങളിൽ മുക്കി കാൻവാസിൽ അവരുടെ മുദ്രകൾ പതിപ്പിച്ചു. മണിക്കൂറുകൾക്കുള്ളിൽ ആ കാൻവാസ് നിറങ്ങളുടെ ഒരു വലിയ ഉത്സവമായി മാറി. ലോക ഓട്ടിസം ദിനത്തോടനുബന്ധിച്ച് പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്മെന്റ് നടത്തിയ പ്രത്യേക ബോധവത്കരണപരിപാടിയാണ് വർണ്ണശബളമായി മാറി പൊതുജനങ്ങളെ ആകർഷിച്ചത്.

ഇക്കൊല്ലത്തെ ലോകഓട്ടിസം ദിനത്തിന്റെ പ്രമേയം തന്നെ 'നിറങ്ങൾ' എന്നതാണ്.ബുദ്ധിവികാസത്തിലും പഠനമികവിലും ഭിന്നശേഷി പ്രകടമാക്കുന്ന കുട്ടികൾക്കായി ശാസ്ത്രീയവും ഫലപ്രദവുമായ ചികിത്സ നൽകുന്ന കൊച്ചിയിലെ മുൻനിര സ്ഥാപനമാണ് പ്രയത്ന. ഓട്ടിസത്തിന്റെ പരിധിയിൽ വരുന്ന നിരവധി അവസ്ഥകളിലൂടെ കടന്നു




പോകുന്ന കുട്ടികളെയും ഉൾക്കൊള്ളിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നതിനായുള്ള നിരവധി പ്രവർത്തനങ്ങളിൽ പങ്കാളിയാണ് പ്രയത്ന. നിറങ്ങളിലൂടെ വ്യത്യസ്തതകളെ ആഘോഷമാക്കാനും സ്വീകരിക്കാനും സമൂഹത്തിന് പ്രചോദനമാകാൻ വേണ്ടിയാണ് ഇത്തരമൊരു പരിപാടി സംഘടിപ്പിച്ചതെന്ന് പ്രയത്നയുടെ സ്ഥാപകനും സിഇഒയുമായ ഡോ. ജോസഫ് സണ്ണി പറഞ്ഞു. എല്ലാത്തരം മനുഷ്യരെയും ഉൾക്കൊള്ളുന്ന ഒരു സാമൂഹികാന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമാണിത്.പരിപാടിയിൽ ഓട്ടിസത്തെ കുറിച്ചുള്ള വിശദമായ അറിവുകൾ ലളിതമായി പങ്കുവെയ്ക്കുന്ന ലഘുലേഖകളും പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. ഈ അവസ്ഥയെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് സഹായകരമായ രീതിയിലാണ് ലഘുലേഖ തയാറാക്കിയത്.ഓട്ടിസമുള്ളവരെ കുറിച്ച് കൂടുതൽ മനസ്സിലാക്കാനും അവരോട് സ്വീകാര്യതയുണ്ടാക്കാനും പരിപാടി സഹായകരമായി എന്ന് കാൻവാസിൽ കൈമുദ്ര പതിപ്പിച്ച അനീന പറഞ്ഞു. ഓട്ടിസം കൂട്ടായ്മയെ കുറിച്ച് പൊതുജനങ്ങൾക്ക് ഇനിയുമൊട്ടേറെ കാര്യങ്ങൾ മനസ്സിലാക്കാനുണ്ടെന്നും അഭിപ്രായപ്പെട്ടു. അവരെ ഇനിയും സമൂഹം ഒറ്റപ്പെടുത്തരുതെന്നും ചേർത്തുപിടിക്കണമെന്നും പങ്കെടുത്തവരെല്ലാം പറഞ്ഞു.



# സുതയുടെ പത്താമത് സ്റ്റോർ തുറന്നു

**കൊച്ചി:** മുംബൈ ആസ്ഥാനമായ പ്രമുഖ വസ്ത്ര ബ്രാൻഡായ സുത കൊച്ചിയിൽ പത്താമത് ഔട്ട് ലെറ്റ് തുറന്നു. സെന്റ്. വിൻസന്റ് റോഡിലെ ദി ക്രോഫ്റ്റിലാണ് പുതിയ സ്റ്റോർ തുറന്നത്. തനതായ നെയ്ത്ത് രീതികളിലൂടെയും തദ്ദേശ നിർമിത വസ്ത്രങ്ങളിലൂടെയും പ്രശസ്തമാണ് സുത. സഹോദരിമാരായ സുജാത ബിസ്വാസ്, ടാനിയ ബിസ്വാസ് എന്നിവരാണ് സുത ബ്രാൻഡിന് തുടക്കം കുറിച്ചത്. എംബിഎ ബിരുദധാരികളാണ് ഇരുവരും. ചലച്ചിത്ര താരം ലാലിന്റെ മകൾ മോണിക്ക ലാൽ, ടി. ലക്ഷ്മി എന്നിവരാണ് പുതിയ സ്റ്റോറിന്റെ ഫ്രാഞ്ചൈസി എടുത്തിരിക്കുന്നത്. സ്റ്റോറിലെ ടെറാക്കോട്ട ടൈലുകളും ജാലീസും ഉപഭോക്താക്കൾക്ക് പൈതൃകാനുഭവം സമ്മാനിക്കും. സ്റ്റോറിലേക്ക് പ്രവേശിക്കുമ്പോൾ മനോഹരമായ ചുവർ ചിത്രങ്ങളും ആകർഷകമായ നിറങ്ങളും മനസിന് കുളിർമയേകും. സുതയുടെ എട്ടാം വാർഷികത്തോടനുബന്ധിച്ചാണ് പത്താമത് സ്റ്റോർ തുറന്നത്. സാരി, ബ്ലൗസ്, കുർത്ത സെറ്റ്, ഡ്രസ്സ് മെറ്റിരിയൽ, മെൻസ് വെയർ തുടങ്ങിയവയുടെ ഏറ്റവും പുതിയ കളക്ഷൻ ഇവിടെ ലഭിക്കും. രാവിലെ 11 മുതൽ രാത്രി 9 വരെയാണ് പ്രവർത്തന സമയം.

# ധോണി ക്ലിയർട്രിപ്പിന്റെ പുതിയ ബ്രാൻഡ് അംബാസിഡർ

**കൊച്ചി:** ഫ്ളിപ്കാർട്ടിന് കീഴിലെ ഓൺലൈൻ ട്രാവൽ കമ്പനിയായ ക്ലിയർട്രിപ്പിന്റെ പുതിയ ബ്രാൻഡ് അംബാസിഡറായി മുൻ ഇന്ത്യൻ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണി. ധോണിയുമായി ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള



പുതിയ തീരുമാനം കമ്പനിയുടെ വളർച്ചയിലെ നാഴികക്കല്ലായി കണക്കാക്കുന്നു. യാത്രാ സംബന്ധിയായ തീരുമാനങ്ങൾ കൂടുതൽ ലളിതമാക്കുകയും, തടസ്സങ്ങളില്ലാത്തതും ടെൻഷൻ രഹിതവുമായ യാത്രാനുഭവങ്ങൾ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് ക്ലിയർ ചോയ്സിലൂടെ കമ്പനി ലക്ഷ്യമിടുന്നതെന്ന് ക്ലിയർട്രിപ്പ് സിഇഒ അയ്യപ്പൻ ആർ പറഞ്ഞു.

ക്ലിയർട്രിപ്പുമായി ചേർന്നുള്ള ധോണിയുടെ ആദ്യ പരസ്യ ചിത്രം ഉടൻ പുറത്തിറങ്ങും.

# വി മൂവീസ് ആൻഡ് ടിവി എൻറർടൈൻമെൻറ് ആപ്പ് അവതരിപ്പിച്ച് വി

**കൊച്ചി:** എല്ലാ വി വരിക്കാർക്കും വി മൂവീസ് ആൻഡ് ടിവി ഒരുമിച്ചു ലഭ്യമാക്കുന്ന എൻറർടൈൻമെൻറ് ആപ്പ് വി അവതരിപ്പിച്ചു. ഒരൊറ്റ സബ്സ്ക്രിപ്ഷനിൽ 13ൽ ഏറെ ഒടിടികളും 400 ൽ പരം ടിവി ചാനലുകളുമടക്കമുള്ള സൗകര്യങ്ങൾ വി ഉപഭോക്താക്കൾക്കു ലഭിക്കും.

പ്രീ പെയ്ഡിൽ 199 രൂപയ്ക്കും പോസ്റ്റ്പെയ്ഡിൽ 202 രൂപയ്ക്കുമാണ് ഇതു ലഭിക്കുക. ടിവി, മൊബൈൽ, വെബ് എന്നിവയിലൂടെ ഇതെല്ലാം കാണാനും വി ഉപഭോക്താക്കൾക്കു സാധിക്കും. ദേശീയ തലത്തിലുള്ളവയ്ക്കു പുറമെ ദക്ഷിണേന്ത്യയിൽ നിന്നുള്ള മനോരമ മാക്സ്, നമ്മഫ്ളിക്സ് തുടങ്ങിയവയും ഇതിലൂടെ ലഭിക്കും.ഏറ്റവും മികച്ച ഒടിടികളും ടിവി ഉള്ളടക്കങ്ങളും ഒരൊറ്റ ആപ്പും ഒരൊറ്റ സബ്സ്ക്രിപ്ഷനും വഴി അവതരിപ്പിക്കുന്നതിൽ തങ്ങൾക്ക് അഭിമാനമുണ്ടെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ വി ചീഫ് മാർക്കറ്റിങ് ഓഫിസർ അവ്നീഷ് ഖോസ്ല പറഞ്ഞു.



## കെ.എച്ച്.ആർ.എ. സുരക്ഷാ പദ്ധതി ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ അംഗങ്ങൾക്കായുള്ള കെ.എച്ച്.ആർ.എ. സുരക്ഷാപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ലോഗോ പ്രകാശനവും എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന ചടങ്ങിൽ സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ നിർവ്വഹിച്ചു. പദ്ധതിയിൽ അംഗമാകുന്ന കെ.എച്ച്.ആർ.എ. അംഗം മരണപ്പെട്ടാൽ കുടുംബത്തിന് 10 ലക്ഷം രൂപ ആശ്വാസധനം നൽകുന്ന പദ്ധതിയാണ് കെ.എച്ച്.ആർ.എ. സുരക്ഷ. പതിറ്റാണ്ടുകൾ ഹോട്ടൽ വ്യാപാരം നടത്തി ഒന്നും സമ്പാദിക്കുവാൻ കഴിയാതെ അംഗം ആകസ്മികമായി മരണപ്പെട്ടാൽ കുടുംബത്തിനുണ്ടാകുന്ന അനിശ്ചിതാവസ്ഥയിൽ ഒരു കൈത്താങ്ങാകുവാനാണ് ഇത്തരമൊരു പദ്ധതി കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ആവിഷ്കരിച്ചതെന്ന് പ്രസിഡന്റ് ജി. ജയപാൽ അറിയിച്ചു. ഈ പദ്ധതിയിൽ കെ.എച്ച്.ആർ.എ. അംഗങ്ങളെക്കൂടാതെ അംഗങ്ങളുടെ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ചേരുവാൻ സാധിക്കും. ഒരംഗം മരണപ്പെട്ടാൽ മറ്റെല്ലാ അംഗങ്ങളും ചേർന്ന് ആ അംഗത്തിന്റെ കുടുംബത്തിന് കൈത്താങ്ങാകുന്ന സവിശേഷമായ സാഹോദര്യമാണ് ഈ പദ്ധതിയിലൂടെ സംഘടന ലക്ഷ്യമാക്കുന്നതെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം കെ.എച്ച്.ആർ.എ. ഭവനിൽ നടന്ന സുരക്ഷാ പദ്ധതി രജിസ്ട്രേഷൻ ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ അദ്ധ്യക്ഷത വഹിച്ചു. കെ.എച്ച്.ആർ.എ. സുരക്ഷാപദ്ധതി സംസ്ഥാന ചെയർമാൻ വി. ടി. ഹരിഹരൻ, സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ്, സംസ്ഥാന സെക്രട്ടറിമാരായ വി. വീരഭദ്രൻ, അബ്ദുൾസമദ്, കെ.എച്ച്.ആർ. സുരക്ഷാപദ്ധതി സംസ്ഥാന കൺവീനർ നാസർ താജ്, എറണാകുളം ജില്ലാ പ്രസിഡന്റ് ടി. ജെ. മനോഹരൻ, ജില്ലാസെക്രട്ടറി കെ. ടി. റഹിം എന്നിവരും വിവിധ ജില്ലാ ഭാരവാഹികളും പങ്കെടുത്തു.




## വെസ്റ്റ്സൈഡിൻെറ പുതിയ സ്റ്റോർ കൊച്ചിയിൽ തുറന്നു

**കൊച്ചി:** ടാറ്റാ കുടുംബത്തിൽ നിന്നുള്ള ഫാഷൻ റീട്ടെയിൽ സ്റ്റോറായ വെസ്റ്റ്സൈഡിൻറെ പുതിയ സ്റ്റോർ കൊച്ചിയിൽ ആരംഭിച്ചു. സൗത്ത് കളമശ്ശേരിയിലെ എയ്ഞ്ചൽ സ്ക്വയറിലാണ് 25,000 ചതുരശ്ര അടി വിസ്താരമുള്ള പുതിയ വെസ്റ്റ്സൈഡ് സ്റ്റോർ. വസ്ത്രങ്ങൾ, തുണിത്തരങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ, പാദരക്ഷകൾ എന്നിങ്ങനെ എല്ലാ വെസ്റ്റ്സൈഡ് ബ്രാൻഡ് ഉത്പ്പന്നങ്ങളും ഒരു സ്ഥലത്തു ലഭ്യമാക്കുന്നു എന്നതാണ് ഈ സ്റ്റോറിൻറെ പ്രത്യേകത. ഉപഭോക്താക്കൾക്ക് സമകാലികവും ആധുനികവുമായ ഫാഷൻ പ്രവണതകൾ സമ്മേളിക്കുന്ന ഉത്പന്നങ്ങൾ സവിശേഷമായ മൂല്യത്തോടെ ലഭ്യമാക്കുക എന്ന ബ്രാൻഡിൻറെ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കുന്നതാണ് പുതിയ സ്റ്റോർ. ഓരോ മൂന്നാഴ്ചയിലും വസ്ത്ര വസ്ത്രേതര ഉത്പന്ന ശേഖരത്തിൽ പുതുമയും നവീനത്വവും കൊണ്ടുവരിക വെസ്റ്റ്സൈഡ് സ്റ്റോറുകളുടെ സവിശേഷതയാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

വെസ്റ്റേൺ വസ്ത്രങ്ങൾ പോലെ തന്നെ ആകർഷകത്വം തുളുമ്പുന്നതുമാണ് വെസ്റ്റ്സൈഡിൻറെ ഇന്ത്യൻ വസ്ത്രങ്ങളും. എത്നിക് വസ്ത്രശേഖരത്തിന് ആധുനികമായ മുഖം നൽകുന്നതാണ് ഉത്സാ എന്ന പേരിലുള്ള വൈവിധ്യമാർന്ന വസ്ത്രശേഖരം. ബോംബെ പെയ്സ്ലി എന്ന ശേഖരം സമകാലികവും സ്വാതന്ത്ര്യ സങ്കൽപ്പങ്ങൾക്ക് അനുയോജ്യമായതുമായ വസ്ത്രങ്ങൾ അവതരിപ്പിക്കുമ്പോൾ വാർക്ക് ശേഖരത്തിലുള്ളത് ആധുനികവും ആഡംബരപൂർണവുമായ അവസരങ്ങളിൽ ധരിക്കാൻ ഉതകുന്ന എത്നിക് വസ്ത്രങ്ങളാണ്.പാർട്ടി ഫാഷൻ ഭ്രമമുള്ള പെൺകുട്ടികൾക്കായാണ് നൂഓൺ ശേഖരത്തിലെ വസ്ത്രങ്ങൾ. സാമൂഹ്യ മാധ്യമ തലമുറയെ പ്രതിനിധീകരിക്കുന്ന യുവാക്കളുടെ ഇഷ്ടാനിഷ്ടങ്ങളെയാണ് ഈ ബ്രാൻഡ് പ്രതിഫലിപ്പിക്കുന്നത്. സ്മാർട്ടും സ്ത്രീത്വത്തിന് അനുയോജ്യമായതുമായ കാഷ്വൽസിനാണ് എൽ.ഒ.വി ശേഖരം. സ്റ്റൈലിഷും മികവുറ്റതും ആത്മവിശ്വാസം പകരുന്നതുമായ വർക്ക് വെയറുകളാണ് വാർഡ്റോബ് ശേഖരത്തിലുള്ളത്. കാഷ്വൽസ് ആയാലും ഫ്യൂഷൻ വസ്ത്രങ്ങളായാലും ഇൻഡ്യൻ ആയാലും എല്ലാം വെസ്റ്റ്സൈഡിൽ ലഭ്യമാണ്.

## മാഗ്നസ് ബിഎൽഡിസി ഫാനുകളുമായി ഇവാസ് ഇലക്ട്രിക്കൽസ്

**മാഗ്നസ് ഫാനുകൾ സ്പേസ് ഗ്രേ, കോബാൾട്ട് ബ്ലൂ, ഷിമ്മർ വൈറ്റ്, എസ്പ്രസോ ബ്രൗൺ എന്നീ നിറങ്ങളിൽ ലഭ്യമാണ്**

**കൊച്ചി:** ഇവാസ് ഇലക്ട്രിക്കൽസ് നൂതന സാങ്കേതിക വിദ്യയിൽ നിർമിച്ച മാഗ്നസ് ബിഎൽഡിസി ഫാനുകൾ അവതരിപ്പിച്ചു. ഇൻഫ്ര.മാർക്കറ്റ് ആണ് കമ്പനിയുടെ മുഖ്യപ്രൊമോട്ടർ.

ഇന്ത്യയിൽ ഇതാദ്യമായാണ് ഇത്തരത്തിൽപ്പെട്ട ഫോട്ടോൺ ഓർബ് സീവ് (പിഒഎസ്) സങ്കേതിക വിദ്യയിൽ അത്യാധുനിക സീരീസ് ഫാനുകൾ അവതരിപ്പിക്കുന്നതെന്ന് ഇവാസ് ഇലക്ട്രിക്കൽസ് പ്രസിഡന്റ് രോഹിത് മാത്തൂർ പറഞ്ഞു. മികച്ച വായുപ്രവാഹ ശേഷിയും ഉയർന്ന ഊർജക്ഷമതയും ഉറപ്പുവരുത്തുന്ന 32 വാട്സ് ബ്രഷ്ലെസ് ഡയറക്ട് കറന്റ് (ബിഎൽഡിസി) മോട്ടോറിനൊപ്പം മികച്ച രൂപകല്പനയുമാണ് മറ്റു സവിശേഷതകൾ.

ഊർജക്ഷമതയ്ക്ക് ഫൈവ് സ്റ്റാർ റേറ്റിംഗോടെ കമ്പനിയുടെ ഹൈദ്രാബാദിലെ ആധുനിക നിർമാണ യൂണിറ്റിൽ നിന്നെത്തുന്ന മാഗ്നസ് ഫാനുകൾ സ്പേസ് ഗ്രേ, കോബാൾട്ട് ബ്ലൂ, ഷിമ്മർ വൈറ്റ്, എസ്പ്രസോ ബ്രൗൺ എന്നീ നിറങ്ങളിൽ ലഭ്യമാണെന്ന വിതരണക്കാരായ ചേന്നാട്ട് ഇലക്ട്രിക്കൽസ് അഗസ്റ്റിൻ സേവ്യർ ചെന്നാട്ട് പറഞ്ഞു.






# വോളിബോൾ അക്കാദമിയിലേക്ക് സെലക്ഷൻ ട്രയൽ ഏപ്രിൽ 7ന്

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള മുത്തൂറ്റ് റെസിഡൻഷ്യൽ വോളിബോൾ അക്കാദമിയിൽ 202425 വിദ്യാഭ്യാസ വർഷത്തിലേക്ക് 7,8,9 ക്ലാസുകളിലേക്കുള്ള സെലക്ഷൻ ട്രയൽ ഈ മാസം 7 ന് നോർത്ത് പറവൂർ നന്ത്യാട്ടുകുന്നം എസ്.എൻ.വി.എസ്.കെ.ടി സ്കൂളിൽ നടക്കും. ആൺകുട്ടികൾക്കായാണ് സെലക്ഷൻ ട്രയൽ നടത്തുന്നത്.തെരഞ്ഞെടുക്കപ്പെടുന്നവർക്ക് താമസം, ഭക്ഷണം, വിദ്യാഭ്യാസം എന്നിവ സൗജന്യമായിരിക്കും. ഇതിന് പുറമേ സ്പോർട്സ് കിറ്റും നൽകും. വിവരങ്ങൾക്ക്, ബന്ധപ്പെടുക 9493016029,961853056

# ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് സാന്നിധ്യം ശക്തമാക്കുന്നു

**തൃശൂർ:** ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് കമ്പനി തൃശൂർ ജില്ലയിലെ കുന്നംകുളം ശാഖ വിപുലമാക്കി കേരളത്തിൽ സാന്നിധ്യം ശക്തമാക്കുന്നു. 90 ശതമാനം സ്ത്രീകൾ ഉൾപ്പെട്ട 350 അഡ്വൈസർമാരുടെ ടീമാണ് കുന്നംകുളം ബ്രാഞ്ച്. 2025ഓടെ കുന്നംകുളത്തെ പ്രധാന ഇൻഷുറൻസ് സേവന ദാതാവായി ആദിത്യ ബിർള സൺ ഇൻഷുറൻസിനെ ഉയർത്തികൊണ്ടു വരാനുള്ള ദൗത്യമാണ് ഈ വിപുലീകരണ നീക്കത്തിന്റെ ലക്ഷ്യമെന്നും ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് കമ്പനി എംഡിയും സിഇഒയുമായ കമലേഷ് റാവു പറഞ്ഞു.2047ഓടെ 'എല്ലാവർക്കും ഇൻഷുറൻസ്' എന്ന ഇന്ത്യാ ഗവൺമെന്റിന്റെ കാഴ്ചപ്പാടിന് അനുസൃതമായുള്ള കുന്നംകുളം ശാഖയുടെ നവീകരണത്തിലൂടെ ആദിത്യ ബിർള സൺ ലൈഫ് ഇൻഷുറൻസ് നൂതനമായ പ്രൊട്ടക്ഷൻ സൊല്യൂഷൻസ് ലഭ്യമാക്കുന്നു.

# റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യക്ക് പ്ലാറ്റിനം കാറ്റഗറി വാട്ടർ പോസിറ്റീവ് അക്രഡിറ്റേഷൻ

**കൊച്ചി:** റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിനു(ആർഎൻഐപിഎൽ) ഡി ക്യു എസ്സിന്റെ പ്ലാറ്റിനം കാറ്റഗറി വാട്ടർ പോസിറ്റീവ് അക്രഡിറ്റേഷൻ ലഭിച്ചു. 2023ൽ നടത്തിയ ജല ഉപയോഗ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായിയാണ് ഡിക്യുഎസ് റെനോ നിസാൻ ഓട്ടോമോട്ടീവ് ഇന്ത്യക്ക് അക്രഡിറ്റേഷൻ നൽകിയത്. അന്താരാഷ്ട്ര അംഗീകൃത ഐഎസ്ഒ സർട്ടിഫിക്കേഷൻ ബോഡി ഓഡിറ്റുകൾ, വിലയിരുത്തലുകൾ, ലോകമെമ്പാടുമുള്ള പരിശീലനങ്ങൾ എന്നിവ നൽകുന്ന ഡിക്യുഎസ് 2024 ഫെബ്രുവരിയിൽ നടത്തിയ വിശദമായ ഓഡിറ്റിനെത്തുടർന്നാണ് അക്രഡിറ്റേഷൻ നൽകിയത്.സമഗ്രമായ പദ്ധതികളിലൂടെ ജല ഉപഭോഗം കുറയ്ക്കുന്നത് നടപ്പിലാക്കിയ പ്ലാന്റ് വ്യാപകമായ മഴവെള്ള സംഭരണം, മലിനജലത്തിന്റെ പരമാവധി പുനരുപയോഗം, അതുപോലെ ജലാശയങ്ങളുടെ പുനരുജ്ജീവനം ഉൾപ്പെടെയുള്ളവ നടപ്പിലാക്കി. ആർഎൻഐപിഎൽ വിവിധ വ്യാവസായിക ആവശ്യങ്ങൾക്കുള്ള വെള്ളം പുനരുപയോഗം ചെയ്താണ് ഉപയോഗിക്കുന്നത്. എല്ലാവർക്കും സുസ്ഥിരവുമായ ഭാവി ഉറപ്പാക്കുന്നതിനായി ജല കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഉപയോഗം പരമാവധി കുറയ്ക്കുന്നതിനും ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ആർഎൻഎഐപിഎൽ മാനേജിങ് ഡയറക്ടർ കീർത്തി പ്രകാശ് പറഞ്ഞു.

# പോക്കോ സി61 പുറത്തിറക്കുന്നതായി പോക്കോ

**കൊച്ചി:** പ്രമുഖ ടെക്നോളജി ബ്രാൻഡായ പോക്കോ , തങ്ങളുടെ ഏറ്റവും പുതിയ ഡിവൈസായ പോക്കോ സി 61 പുറത്തിറക്കുന്നതായി പ്രഖ്യാപിച്ചു. മികച്ച പ്രകടനവും ഡിസൈനും ഡിസ്പ്ലേയും നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന പോക്കോ ഇ61, മൊത്തത്തിലുള്ള സ്മാർട്ട്ഫോൺ അനുഭവം ഉയർത്തുന്നതിനായി, ആകർഷകമായ സവിശേഷതകളോടെയാണ് എത്തുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. 90 ഹെർട്സ് റിഫ്രഷ് റേറ്റ്, സൈഡ് ഫിംഗർപ്രിന്റ് സെൻസർ, 5000 ാഅവ ബാറ്ററി എന്നിവയുള്ള സെഗ്മെന്റ് ബെസ്റ്റ് സ്റ്റൈലിഷ് ഡിസൈൻ 6.71 ഇഞ്ച് ഡോട്ട് ഡ്രോപ്പ് ഡിസ്പ്ലേയുമായാണ് പോക്കോ സി61 എത്തുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ദേശിയ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ ദിനം ആചരിച്ചു

**കൊച്ചി::** ജില്ലയിൽ ദേശിയ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ (ഇ.എം.ടി) ദിനം ആചരിച്ചു. കനിവ് 108 ആംബുലൻസ് സർവീസിൽ ജോലി ചെയ്യുന്ന എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാരുടെ പ്രവർത്തനങ്ങളെ ആദരിച്ചുകൊണ്ടാണ് ജില്ലയിൽ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ (ഇ.എം.ടി) ദിനം ആചരിച്ചത്. 108 ആംബുലൻസിലെ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാർക്കൊപ്പം കേക്ക് മുറിച്ച് ദേശിയ ആരോഗ്യ ദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. രോഹിണി ആഘോഷങ്ങളിൽ പങ്കാളിയായി. 108 ആംബുലൻസ് സർവീസ് ജില്ലാ കോഓർഡിനേറ്റർ അമൽ രാജ്, ഇ.എം.ടിമാരായ അസ്രീന, ബിന്ദു എന്നിവർ സന്നിഹിതരായിരുന്നു. അടിയന്തിരഘട്ടങ്ങളിൽ രോഗികൾക്ക് വൈദ്യസഹായം എത്തിക്കുന്നതിലും ജീവൻ രക്ഷിക്കുന്നതിലും എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാർ നടത്തുന്ന പ്രവർത്തനങ്ങളെ ആദരിച്ചു കൊണ്ടാണ് ദേശിയ വ്യാപകമായി ഏപ്രിൽ 2 എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ (ഇ.എം.ടി) ദിനമായി ഇ.എം.ആർ.ഐ ഗ്രീൻ ഹെൽത്ത് സർവീസസ് ആചരിക്കുന്നത്. നേഴ്സുമാരായ 54 പേരാണ് ജില്ലയിൽ നിലവിൽ 108 ആംബുലൻസ് പദ്ധതിയിൽ എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാരായി ജോലി ചെയ്യുന്നത്.

ദേശിയ തലത്തിൽ ഇ.എം.ആർ.ഐ ഗ്രീൻ ഹെൽത്ത് സർവീസസിന് കീഴിൽ വിവിധ പദ്ധതികളിലായി 23,000 പേരും സംസ്ഥാനത്ത് 541 പേരും എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാരായി ജോലി ചെയ്യുന്നതായി ഇ.എം.ആർ.ഐ ഗ്രീൻ ഹെൽത്ത് സർവീസസ് സംസ്ഥാന ഓപ്പറേഷൻസ് മേധാവി ശരവണൻ അരുണാചലം അറിയിച്ചു.

# ലോക്സഭാ തിരഞ്ഞെടുപ്പ്: സി വിജിൽ ആപിൽ ലഭിച്ചത്1689 പരാതികൾ

**ഇടുക്കി:** ലോക്സഭാ മണ്ഡലത്തിൽ ഫ്ളയിങ് സ്ക്വാഡും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡും ചേർന്ന് പൊതുസ്ഥലങ്ങളിൽ മാതൃകാ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായി സ്ഥാപിച്ച 10195 വസ്തുവകകൾ നീക്കം ചെയ്തു. പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച മാർച്ച് 16 മുതൽ ഏപ്രിൽ രണ്ട് വരെയുള്ള കണക്കാണിത്. 7860 പോസ്റ്ററുകളും1573 ബാനറുകളും 758 കൊടികളും നീക്കം ചെയ്തവയിൽപ്പെടുന്നു. ഇതിൽ 1689 പരാതികൾ സിവിജിൽ ആപ്പ് മുഖേനയാണ് ലഭിച്ചത്.




പൊതുജനങ്ങൾക്ക് ചട്ടലംഘനങ്ങൾ സംബന്ധിച്ച ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോകൾ എന്നിവ പകർത്തി പരാതിയായി അറിയിക്കാനുള്ള സംവിധാനമാണ് സിവിജിൽ ആപ്പ്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നോ ആപ്പ് സ്റ്റോറിൽ നിന്നോ ആപ്പ് ഡൗൺലോഡ് ചെയ്യാം. ഇൻസ്റ്റാൾ ചെയ്ത ശേഷം ആവശ്യമായ ഭാഷ തെരഞ്ഞെടുക്കണം. പേര് വെളിപ്പെടുത്തിയും അല്ലാതെയും പരാതി നൽകാം. പേര് വെളിപ്പെടുത്തിയാണ് പരാതി നൽകുന്നതെങ്കിൽ മൊബൈൽ നമ്പർ നൽകണം. ഫോണിൽ ലഭിക്കുന്ന നാലക്ക ഒ ടി പിയും അടിസ്ഥാന വിവരങ്ങളും നൽകി ലോഗിൻ ചെയ്ത് പരാതി രേഖപ്പെടുത്താം. പേര് വെളിപ്പെടുത്താൻ താൽപര്യമില്ലെങ്കിൽ അജ്ഞാതൻ എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് പരാതി സമർപ്പിക്കണം. അജ്ഞാത പരാതികളുടെ തുടർനടപടികൾ അറിയാനാകില്ല.

തുടർന്ന് ഫോട്ടോ, വീഡിയോ, ഓഡിയോ എന്നിങ്ങനെ മൂന്ന് ഓപ്ഷനുകളിൽ ഏതെങ്കിലും തെരഞ്ഞെടുക്കണം. അപ്പോൾ തന്നെ പരാതിക്കാരന്റെ ലൊക്കേഷൻ ആപ്പിൽ രേഖപ്പെടുത്തും. ഫോട്ടോ/വീഡിയോ/ഓഡിയോ രൂപത്തിലുള്ള പരാതി, പരാതിയുടെ സ്വഭാവം, സംഭവത്തിന്റെ വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയ ശേഷം സമർപ്പിക്കുക എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യണം. ആപ്പിൽ പ്രവേശിച്ച് അഞ്ച് മിനുട്ടിനകം ഈ നടപടികൾ പൂർത്തിയാക്കില്ലെങ്കിൽ സമയപരിധി അവസാനിക്കും. അങ്ങനെ സംഭവിച്ചാൽ വീണ്ടും ആപ്പ് തുറന്ന് പരാതി നൽകാം. ചട്ടലംഘനം കണ്ടെത്തിയ സ്ഥലത്ത് നിന്നുതന്നെ പരാതി സമർപ്പിക്കണം. സഞ്ചരിച്ചുകൊണ്ട് പരാതി രജിസ്റ്റർ ചെയ്യുമ്പോൾ ലൊക്കേഷൻ മാറാൻ സാധ്യതയുള്ളതിനാൽ നിരീക്ഷണ സ്ക്വാഡിന് സ്ഥലം കണ്ടെത്താൻ ബുദ്ധിമുട്ടാകും.

പരാതികളിൽ 100 മിനുട്ടിനുള്ളിൽ നടപടിയാകും. പണം, സമ്മാനം, മദ്യം എന്നിവയുടെ വിതരണം, അനുമതിയില്ലാതെ ബാനർ, പോസ്റ്ററുകൾ സ്ഥാപിക്കൽ, ആയുധങ്ങൾ പ്രദർശിപ്പിക്കൽ,ഭീഷണിപ്പെടുത്തൽ, മതപരമോ വർഗീയമോ ആയ സന്ദേശങ്ങൾ പ്രചരിപ്പിക്കൽ തുടങ്ങിയ പരാതികൾ ആപ്പിലൂടെ നൽകാനാകും.

# ഓട്ടിസം സ്പെക്ട്രം ഡിസോർഡർ; നേരത്തെ തിരിച്ചറിയാം



**ദിവ്യ കൃഷ്ണ,**
റീഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ് ആൻഡ് ബിഹേവിയർ അനലിസ്റ്റ്, പ്രയത്ന സെന്റർ ഫോർ ചൈൽഡ് ഡെവലപ്പ്മെന്റ്, കൊച്ചി



കുട്ടികളിൽ കാണപ്പെടുന്ന വിവിധതരം ശാരീരിക, മാനസിക വളർച്ച തകരാറുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഓട്ടിസം സ്പെക്ട്രം ഡിസോർഡർ (എ.എസ്.ഡി). സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മുതൽ പെരുമാറ്റ വൈകല്യങ്ങൾ വരെ നീളുന്ന നിരവധി ലക്ഷണങ്ങളാണ് എ.എസ്.ഡിക്കുള്ളത്. ഇതുമൂലം വ്യക്തികളിലും അവരുടെ കുടുംബങ്ങളിലും നിരവധിയായ വെല്ലുവിളികളാണ് അഭിമുഖീകരിക്കേണ്ടി വരുന്നത്. ഈ ലേഖനത്തിലൂടെ എ.എസ്.ഡിയുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങൾ മനസിലാക്കാം

**എന്താണ് എ.എസ്.ഡി**

നേരത്തെ പറഞ്ഞത് പോലെ കുട്ടികളിൽ കാണപ്പെടുന്ന ശാരീരികവും മാനസികവുമായ വളർച്ച തകരാറുകളാണ് എ.എസ്.ഡി. സാമൂഹ്യ ഇടപെടലിൽ ഉണ്ടാവുന്ന വെല്ലുവിളികൾ, ആശയ വിനിമയം, പെരുമാറ്റം എന്നിവയിലുണ്ടാവുന്ന വൈകല്യങ്ങൾ എന്നിവയെല്ലാം എ.എസ്.ഡിയുടെ ഭാഗമായി ഉണ്ടാകാം. അതേ സമയം ലക്ഷണങ്ങളുടെ വൈവിധ്യവും അവയുടെ തീവ്രതയിലുള്ള വ്യത്യാസവും ഉള്ളതു കൊണ്ടാണ് ഓട്ടിസത്തെ നിർവചിക്കാൻ വിശാലമായ അർത്ഥം വരുന്ന സ്പെക്ട്രം എന്ന പദം ഉപയോഗിക്കുന്നത്. കുട്ടികളിൽ മൂന്നു വയസ്സിനുള്ളിൽ കണ്ടെത്തുന്ന ഇത്തരം ലക്ഷണങ്ങൾ വ്യക്തിയുടെ ജീവിതകാലം മുഴുവൻ തുടരുകയാണ് ചെയ്യുന്നത്.

**ലക്ഷണങ്ങൾ തിരിച്ചറിയാം**

ഭാഷ വികാസം വൈകുക, എക്കോലാലിയ(വാക്കുകൾ ആവർത്തിക്കുക ) എന്നിവയാണ് സാധാരണയായി കാണാറുള്ള ലക്ഷണങ്ങൾ. കൈകൾ വട്ടം കറക്കുക, കൈകൾ തിരിക്കുകയും മറിക്കുകയും ചെയ്യുക പോലുള്ള കാര്യങ്ങൾ ഈ രോഗലക്ഷണങ്ങൾ ഉള്ള കുട്ടികൾ ആവർത്തിച്ചു ചെയ്യുന്നതായാണ് കണ്ടെത്തിയിട്ടുള്ളത്.എ.എസ്.ഡി ലക്ഷണങ്ങൾ ഉള്ള കുട്ടികളിൽ ഹൈപ്പർ ആക്റ്റിവിറ്റിയും ഹൈപ്പോസെൻസിറ്റിവിറ്റിയും കണ്ടു വരുന്നുണ്ട്. ഇന്ദ്രിയങ്ങൾ വഴി ലഭിക്കുന്ന വിവരങ്ങൾ തലച്ചോറിൽ കൃത്യമായ പ്രതികരണം സൃഷ്ടിക്കാത്തതിനാൽ ഇവരിൽ പ്രതികരണം കൂടുതലായിരിക്കും. അതു കൊണ്ടു തന്നെ സ്പർശനം, വെളിച്ചം, ശബ്ദം എന്നിവ ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. എന്നാൽ ചില കുട്ടികളിൽ പ്രത്യേക വിഷയങ്ങളോടോ വസ്തുക്കളോടോ അമിതമായ താത്പര്യവും കാണാറുണ്ട്. ആശയ വിനിമയത്തിൽ ഉണ്ടാവുന്ന ബുദ്ധിമുട്ടാണ് മറ്റൊരു പ്രധാന ലക്ഷണം. വാക്കുകളോ ആംഗ്യങ്ങളോ മനസിലാക്കാനും ഇവർക്ക് ബുദ്ധിമുട്ടുന്നു. ഇതു കൊണ്ട് തന്നെ ഇവർക്ക് കൂട്ടുകൂടാനുള്ള കഴിവും കുറവാണ്.ഓട്ടിസത്തിന്റെ ലക്ഷണങ്ങൾ നേരത്തെ തിരിച്ചറിയുന്നത് യഥാവിധത്തിലുള്ള വൈദ്യസഹായ ഉറപ്പിക്കുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കും അത്യാവശ്യമാണ്.

**കാരണങ്ങൾ എന്തൊക്കെ?**

ഓട്ടിസത്തിന്റെ യഥാർത്ഥ കാരണങ്ങൾ ഇനിയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. എന്നാൽ ജനിതക കാരണങ്ങൾ, മാസം തികയാതെയുള്ള പ്രസവം, ജനന സമയത്തെ കുറഞ്ഞ ഭാരം, ഗർഭകാലത്ത് അമ്മയിലുണ്ടാവുന്ന പ്രമേഹം എന്നിവ ഓട്ടിസത്തിന കാരണമാവുന്നുണ്ട് എന്നാണ് പഠനങ്ങളിൽ നിന്ന് വ്യക്തമാകുന്നത്. മാതാപിതാക്കളുടെ പ്രായക്കൂടുതൽ കുട്ടികളിൽ ഓട്ടിസം സാധ്യത വർധിപ്പിക്കുന്നുണ്ട് ശാസ്ത്രജ്ഞരുടെ നിഗമനം. കൃത്യമായ ആശയവിനിമയമില്ലാതെ, കൂടുതൽ സമയം ഡിജിറ്റൽ ഉപകരണങ്ങളിൽ സമയം ചെലവഴിക്കുന്ന വളരുന്ന കുട്ടികളിൽ കണ്ടുവരുന്ന വിർചൽ ഓട്ടിസം എന്ന അവസ്ഥയിലും എ.എസ്.ഡിയുടെ വിവിധ ലക്ഷണങ്ങൾ കണ്ടേക്കാം. നേരത്തെ കണ്ടെത്തി ചികിത്സ നൽകുന്നതിലൂടെ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

**യഥാസമയത്തെ രോഗനിർണയം നടത്താം**

ഇന്ദ്രിയ പ്രവർത്തനങ്ങളിലെ വ്യതിയാനങ്ങൾ, ഉദ്ദീപനങ്ങളിൽ ഉണ്ടാവുന്ന വൈമുഖ്യം, ആശയ വിനിമയത്തിനുള്ള ബുദ്ധിമുട്ട്, സാമൂഹ്യമായി ഇടപഴകാൻ സാധിക്കാതെ വരിക, ചലന പ്രശ്നങ്ങൾ, അസാധാരണ പ്രതികരണങ്ങൾ എന്നിവയാണ് പ്രധാനമായ പ്രാഥമിക ലക്ഷണങ്ങൾ. പേര് വിളിക്കുമ്പോൾ പ്രതികരിക്കാതിരിക്കുക, പ്രത്യേക ശബ്ദങ്ങളോടോ കാര്യങ്ങളോടോ ഉള്ള ശക്തമായ പ്രതികരണം എന്നിവയും കുട്ടികൾ പ്രകടിപ്പിക്കാറുണ്ട്. ഈ ലക്ഷണങ്ങൾ കുട്ടികൾ പ്രകടിപ്പിച്ചാൽ ഫിസിഷ്യനെയോ പീഡിയാട്രിഷ്യനെയോ യഥാസമയം ബന്ധപ്പെടണം.കുട്ടികളിലെ ഓട്ടിസം ലക്ഷണങ്ങൾ യഥാസമയം കണ്ടെത്തുന്നതിൽ മാതാപിതാക്കളുടെ പങ്ക് വലുതാണ്.

**മാതാപിതാക്കളുടെ കടമ**

ഓട്ടിസം ബാധിതരായ കുട്ടികളുടെ തെറാപ്പി സെഷനുകളിൽ മാതാപിതാക്കളുടെ സാന്നിധ്യം ഉണ്ടാകുന്നത് രോഗലക്ഷണങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഏറെ ഗുണം ചെയ്യും. തെറാപ്പിയിലൂടെ ഉണ്ടാവുന്ന മാറ്റങ്ങൾക്ക് പൂർണത ലഭിക്കാൻ അവർക്കിഷ്ടപ്പെടുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ വീടുകളിലും ഒരുക്കേണ്ടതുണ്ട്. ഇതുവഴി കുട്ടികളിലെ വളർച്ച പോരായ്മകളെ ലഘൂകരിക്കാൻ സാധിക്കും.

**ഭേദപ്പെടുത്താൻ സാധിക്കുമോ ?**

ഓട്ടിസത്തിൽ നിന്ന് പൂർണ മുക്തി ഉറപ്പു നൽകുന്ന ചികിത്സ രീതികളൊന്നും ഇതുവരെ കണ്ടെത്തിയിട്ടില്ല. എന്നാൽ രോഗ ലക്ഷണങ്ങളുടെ തീവ്രത കുറക്കുന്നതിനായി വിവിധ തെറാപ്പികൾ നിലവിലുണ്ട്. ഡെവലപ്പ്മെന്റൽ പീഡിയാട്രിഷ്യന്റെയോ ക്ലിനിക്കൽ സൈജിക്കോളജിസ്റ്റിന്റെയോ സഹായത്തോടെ കുട്ടിയുടെ ലക്ഷണങ്ങൾക്ക് അനുസൃതമായുള്ള ചികിത്സ വിധി തയ്യാറാക്കാൻ സാധിക്കും.

സ്പീച്ച് തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, അപ്ലൈഡ് ബിഹേവിയറൽ അനാലിസിസ് (എ.ബി.എ) തുടങ്ങിയ വിവിധ തെറാപ്പികളും ഓട്ടിസം ബാധിതരായ കുട്ടികളുടെ പുനരധിവാസത്തിൽ വലിയ തോതിൽ ഗുണം ചെയ്യും. ഓട്ടിസം ബാധിതരായ കുട്ടികൾക്കുള്ള ഏറ്റവും ഫലപ്രദമായ ചികിത്സാ മാർഗങ്ങളിൽ ഒന്നാണ് എ.ബി.എ. കുട്ടികളിൽ ചെറിയ ചെറിയ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നൽകുന്ന പരിശീലനം നൽകുന്നു. ആശയവിനിമയ രീതികൾ, സാമൂഹ്യമായ ഇടപെടലുകൾ എന്നിവയെല്ലാം വർധിപ്പിക്കുന്നതിൽ വലിയ പങ്കാണ് എ.ബി.എക്കുള്ളത്. കുട്ടികളിലെ സംസാര വൈകല്യങ്ങൾ പരിഹരിക്കുന്നതിൽ വലിയ പ്രാധാന്യമാണ് സ്പീച്ച് തെറാപ്പിക്കുള്ളത്. ഓട്ടിസം കുട്ടികൾ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് ദൈനംദിന കാര്യങ്ങൾ ഉൾപ്പെടെ സ്വന്തമായി ചെയ്യാൻ കഴിയാത്ത സാഹചര്യം. ഒക്യുപ്പേഷണൽ തെറാപ്പിയിലൂടെ ഒരുപരിധി വരെ പരിഹരിക്കാൻ കഴിയും.

ഓട്ടിസം ബാധിതരായ കുട്ടികൾ ഇഷ്ടപ്പെടുന്ന കാര്യങ്ങളിൽ പ്രോത്സാഹനം നൽകാനും അതിൽ മികവ് നേടാനും ആവശ്യമായ പ്രോത്സാഹനവും ക്രമീകരണങ്ങളും ഒരുക്കേണ്ടതുണ്ട്. ഓട്ടിസം എന്ന അവസ്ഥയുടെ വ്യാപ്തിയും വൈവിധ്യവും മനസിലാക്കി യഥാസമയം രോഗലക്ഷണങ്ങൾ തിരിച്ചറിയുക, മാതാപിതാക്കളുടെ പങ്കാളിത്തം ഉറപ്പിക്കുക, ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക എന്നത് പ്രധാനമാണ്. ബോധവത്കരണം വഴിയും സമൂഹത്തിൽ അവരുടെ ഇടം ഉറപ്പിക്കുക വഴിയും ഓട്ടിസം ബാധിതർക്ക് അവരുടേതായ രീതിയിൽ വളരാനും സാമൂഹ്യമായി വികസിക്കാനും സഹായകമായ ഒരു സമൂഹത്തെ നാം തയ്യാറാക്കേണ്ടതുണ്ട്.



# ഫാം ഇൻഫർമേഷൻ ബ്യൂറോ സ്റ്റാൾ പ്രവർത്തന സജ്ജമായി

**തൃശ്ശൂർ:** പൂരത്തോട് അനുബന്ധിച്ച് വടക്കുന്നാഥ ക്ഷേത്ര മൈതാനത്ത് നടക്കുന്ന എക്സിബിഷൻ 2024ന് കൃഷിവകുപ്പിന്റെ ,നേതൃത്വത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കുന്ന സ്റ്റാൾ പ്രവർത്തന സജ്ജമായി. തൃശ്ശൂർ ജില്ലാ കൃഷി ഓഫീസർ ഉഷ ഡാനിയൽ സ്റ്റാൾ ഉദ്ഘാടനം ചെയ്തു. കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും പരിചയപ്പെടുത്തുന്നതോടൊപ്പം അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഇവിടെ നിന്ന് ലഭിക്കും. പവർ ടില്ലർ, പവർ വീഡർ, ബ്രഷ് കട്ടർ, ചാഫ് കട്ടർ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ സ്റ്റാളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഡ്രോൺ ഉൾപ്പെടെയുള്ള നൂതന കാർഷിക സാങ്കേതിക വിദ്യകളെ കുറിച്ച് ഇവിടെ നിന്നും അറിയുവാൻ സാധിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ വിവിധ ഫാമുകളിൽ നിന്നുള്ള ഗ്രാഫ്റ്റ് , ലെയർ , ബഡ് ഫലവൃക്ഷതൈകളും കൂടാതെ പച്ചക്കറി തൈകളും പച്ചക്കറിവിത്തുകളും വാഴ വിത്തുകളും ജൈവ ജീവാണു വളങ്ങളും സ്റ്റാളിൽ നിന്നും ലഭിക്കുന്നതാണ്.സിന്ദൂരം, നീലൻ, ചന്ദ്രക്കാരൻ, അൽഫോൺസ, മൂവാണ്ടൻ, മല്ലിക എന്നീ മാവിനങ്ങളും തേൻവരിക്ക, തായ്‌ലൻഡ് ഇനത്തിലെ പ്ലാവിനങ്ങളും നാരകം, ചെറി, ചാമ്പ, ആത്ത,കുരുമുളക്, അലങ്കാര ചെടികൾ, ക്രിസ്മസ് ട്രീ എന്നിവയും വിപണനത്തിനായി ഒരുക്കിയിട്ടുണ്ട്. കേരളാ ഗ്രോ ബ്രാൻഡിലെ വിവിധ ഉൽപ്പന്നങ്ങളും സ്റ്റാളിൽ ലഭ്യമാണ്.അതിരപ്പിള്ളി ട്രൈബൽ വാലി പ്രൊജക്ടിന്റെ ഭാഗമായി ആദിവാസി കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് മൂല്യ വർധന ഉത്പന്നങ്ങൾ ആക്കിയ കാപ്പി, കുരുമുളക്, കുരുമുളക് പൊടി, ഏലം, ബ്ലാക്ക് ഡാമർ( തെള്ളി), മഞ്ഞൾ, മഞ്ഞക്കൂവ,ഈസ്റ്റ് ഇന്ത്യൻ ആരോറൂട്ട് സ്റ്റാർച്ച്,കാട്ടിഞ്ചി, കാട്ട് തേൻ, ചെറു തേൻ,കാട്ട് കുടംപുളി എന്നിവയും സ്റ്റാളിൽ ലഭ്യമാണ്. മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനായി മണ്ണ് സംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ തെക്കും പാട് നീർത്തട പദ്ധതിയുടെ മൈക്രോ വാട്ടർ ഷെഡ് മോഡൽ സജ്ജമാക്കിയിട്ടുണ്ട്.

ജൈവകീട നിയന്ത്രണത്തിനായുള്ള വിവിധ മാർഗങ്ങൾ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ നേതൃത്വത്തിൽ സ്റ്റാളിൽ സജ്ജമാക്കിയിട്ടുണ്ട്. കൃഷിയെ കുറിച്ച് കൂടുതൽ അറിയുന്നതിനായി കൃഷി ക്ഷീരവികസന മൃഗസംരക്ഷണ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ സൗജന്യമായി സ്റ്റാളിൽ ലഭ്യമാണ്.മലയാളത്തിലെ ആദ്യ കൃഷി മാസികയായ കേരള കർഷകൻ വരിക്കാരാകുന്നതിനുള്ള സൗകര്യവും സജ്ജീകരിച്ചിട്ടുണ്ട്. ചടങ്ങിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ മോളി പി എൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായ സതീശൻ,അനിൽ, ശാന്തി എൻ,അപ്സര മാധവ്, സോയിൽ സർവേ ജില്ലാ ഓഫീസർ തോമസ് അനീഷ് ജോൺ സൺ , സോയിൽ കോൺസെർവഷൻ ജില്ലാ ഓഫീസർ ബിന്ദു മേനോൻ എഫ് ഐ ബി ക്യാമ്പയിൻ ഓഫീസർ ഡോ. എസ്. ആർ മോഹനചന്ദ്രൻ നായർ എന്നിവർ പങ്കെടുത്തു. എല്ലാ ദിവസവും രാവിലെ 10 മുതൽ വൈകിട്ട് 8 വരെ ആയിരിക്കും സ്റ്റാളിന്റെ പ്രവർത്തനം.

## ഫിനോലെക്സ് കേബിൾസ് ഇക്കോസേഫ്, ഫിനോഗ്രീൻ ഹാലൊജെൻ ഫ്രീ വയറുകൾ അവതരിപ്പിച്ചു

**പൂനെ:** ഇലക്ട്രിക്കൽ സൊല്യൂഷൻ രംഗത്തെ മുനിരക്കാരായ ഫിനോലെക്സ് കേബിൾസ്, സുരക്ഷിതത്വത്തിനും സുസ്ഥിരതയ്ക്കും പരമമായ ഊന്നൽ നൽകിക്കൊണ്ട് ഫിനോഗ്രീൻ ഇക്കോസേഫ് സിംഗിൾ കോർ ഹാലൊജെൻ ഫ്രീ ഫ്ലേം റിട്ടാർഡന്റ് (എച്ച്എഫ്എഫ്ആർ) അവതരിപ്പിച്ചു.

പ്രത്യേകം രൂപപ്പെടുത്തിയ തെർമോപ്ലാസ്റ്റിക് ഇൻസുലേഷൻ എച്ച്എഫ്ഐടിപി 70 ഉപയോഗിച്ച് നിർമ്മിച്ച ഫിനോഗ്രീൻ വയറുകൾ, പുനരുപയോഗിക്കാവുന്ന അസംസ്കൃത വസ്തുക്കളിൽ നിന്ന് രൂപകല്പന ചെയ്തിട്ടുള്ളതും കുറഞ്ഞ പുക പുറന്തള്ളുന്നതും സീറോ ഹാലൊജനുകൾ അടങ്ങുന്നതുമാണ്.

ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളിലെ സുരക്ഷാ അപകടസാധ്യതകൾ ലഘൂകരിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ കേബിളുകൾ അപകടങ്ങൾ പ്രത്യേകിച്ച് തീപിടുത്തങ്ങൾ ഒഴിവാക്കുന്നതിൽ നിർണായകമാണ്.

ഫിനോലെക്സ് കേബിൾസ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് പ്രസിഡന്റ് അമിത് മാഥുർ പറഞ്ഞു, 'സുരക്ഷ ഞങ്ങളുടെ മുൻഗണനയായി തുടരുന്നു, കൂടാതെ ഫിനോഗ്രീൻ വയറുകൾ ഇലക്ട്രിക്കൽ ഇൻസ്റ്റലേഷനുകളിൽ ഉയർന്ന സുരക്ഷാ മാനദണ്ഡങ്ങൾ ഉയർത്തിക്കാട്ടുന്നതിൽ ഗണ്യമായ പുരോഗതിയെ അടയാളപ്പെടുത്തുന്നു. ഉയർന്ന കെട്ടിടങ്ങൾ, ഷോപ്പിംഗ് മാളുകൾ, വിമാനത്താവളങ്ങൾ, അതീവ സുരക്ഷാ മേഖലകൾ എന്നിവയുൾപ്പെടെയുള്ള വിവിധ ക്രമീകരണങ്ങളിൽ ഉപയോഗിക്കുന്നതിന് ഈ കേബിളുകൾ അനുയോജ്യമാണ്."

## ജയറാമും കാളിദാസും ഗോഇബിബോ ബ്രാൻഡ് അംബാസഡർമാർ

**കൊച്ചി:** ഇന്ത്യയിലെ ട്രാവൽ ബ്രാൻഡുകളിൽ ഒന്നായ ഗോഇബിബോ, അതിന്റെ ബ്രാൻഡ് അംബാസഡർമാരുടെ നിരയിൽ ജനപ്രിയ നടൻ ജയറാമിനെയും മകൻ കാളിദാസിനെയും ഉൾപ്പെടുത്തി. ഇവരെ ഉൾപ്പെടുത്തിയുള്ള ബ്രാൻഡിന്റെ ആദ്യ ഡിജിറ്റൽ ഫിലിമും പുറത്തിറക്കി.

എല്ലാ പ്രായത്തിലും പെട്ട പ്രേക്ഷകരിൽ മാറ്റൊലി ഉണ്ടാക്കുന്നതിനുള്ള ശ്രദ്ധേയമായ ശേഷി പരിഗണിക്കുന്പോൾ ജയറാമിനും കാളിദാസിനുമൊപ്പം സഹകരിക്കുന്നത് സ്വാഭാവികമായ ഒരു തിരഞ്ഞെടുപ്പായിരുന്നെന്ന് ഗോഇബിബോ ചീഫ് മാർക്കറ്റിംഗ് ആഫീസർ രാജ് ഋഷി സിംഗ് പറഞ്ഞു. ബ്രാൻഡ് അംബാസഡർമാർ എന്ന നിലയിൽ, തമിഴ് നാടിന്റെയും കേരളത്തിന്റെയും സമ്പന്നമായ സംസ്കാരവും സിനിമാരംഗത്തെ പാരമ്പര്യവും എടുത്തുകാണിക്കുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ടെന്ന് ജയറാമും കാളിദാസും കൂട്ടിച്ചേർത്തു.

പരിമിത കാലത്തേക്ക് ഗോഇബിബോയിൽ ആദ്യമായി നടത്തുന്ന ഹോട്ടൽ ബുക്കിംഗിന് ഡിസ്കൌണ്ടും ലഭ്യമാണ്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% CUSTOMER SATISFACTION GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663